LIBRARY ARCHIVES Kerala Legislative Assembly

മൈത്രീ ഭവനപദ്ധതിക്കായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകിയ ആനിറ്റി ഡെപ്പോസിറ്റ് തിരിച്ചു നൽകുന്നതിന് നടപടി

8 [5684] ശ്രീ. മഞ്ഞളാംകുഴി അലി:
,, ടി. കെ. ബാലൻ:
,, വി. ചെന്താമരാക്ഷൻ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീ ഭവനപദ്ധതിക്കായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകിയ ആനിറ്റി ഡെപ്പോസിറ്റ് സ്കീം തിരിച്ചു നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത്;

(ബി) ആനിറ്റി ഡെപ്പോസിറ്റ് തിരിച്ചു നൽകുന്നതിന് ആവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ ഇതിനായി ഉൾക്കൊള്ളിച്ചിട്ടുള്ള തുക എത്ര;

(സി) ആനിറ്റി ഡെപ്പോസിറ്റ് തിരിച്ചു നൽകുന്നതിന് എന്തു തുകയാണ് ഹൗസിംഗ് ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) നാളിതുവരെ ഹൗസിംഗ് ബോർഡിന് ഇതിൻപ്രകാരം എന്തു തുക നൽകിയിട്ടുണ്ട് എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 25-9-2001-ൽ.

(ബി) 2002-2003, 2003-2004 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇതിനായി സംസ്ഥാന ബഡ്ജറ്റിൽ തുകയൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല.

(സി) 26 കോടി രൂപ.

(ഡി) ആനിറ്റി ഡെപ്പോസിറ്റ് തിരികെ നൽകുന്നതിനായി സർക്കാർ ബോർഡിന് തുകയൊന്നും അനുവദിച്ചിട്ടില്ല.

സംസ്ഥാന ജീവനക്കാരുടെ ഭവനനിർമ്മാണ വായ്പാ പദ്ധതി ഭവന നിർമ്മാണ ബോർഡ് ഏറ്റെടുക്കാൻ നടപടി

9 [5685] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഭവനനിർമ്മാണ വായ്പ നൽകുന്നതിനുള്ള പ്രത്യേക പദ്ധതികൾ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്നുണ്ടോ;